ഭരണഭാഷ-മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001

ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042

ഇ-മെയിൽ : directorprinting@yahoo.com

നമ്പർ. **5981/2020/ഇ 1/ഡിപി.** തീയതി. **21. 07.2020**

## സർക്കുലർ

വിഷയം:-അച്ചടി വകുപ്പ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ/സാമൂഹ്യ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുന്നത് - ജീവനക്കാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സർക്കാരിന്റെ 31.01.2017-ലെ 78/ഉ.പ.സി.2/2017/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.
2. സർക്കാരിന്റെ 27.03.2020-ലെ സ.ഉ.(സാധാ) 1247/20/പൊ.ഭ.വ. നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 12.07.2020-ലെ സ.ഉ.(സാധാ) 2237/20/പൊ.ഭ.വ. നമ്പർ ഉത്തരവ്.

കോവിഡ് 19 സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സൂചന (2) പ്രകാരം അച്ചടി വകുപ്പിനെ അവശ്യസർവ്വീസായി പരിഗണിച്ച് സർക്കാർ ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ടി മഹാമാരിയുടെ സാഹചര്യത്തിലും അച്ചടി വകുപ്പ് പരിമിതികളോടെയാണെങ്കിലും നിലവിലുണ്ടായിരുന്ന കേരള ഗസറ്റുൾപ്പെടെ എല്ലാ ജോലികളും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ യൂണിയൻ നേതാക്കളും ജീവനക്കാരും ഇക്കാര്യത്തിൽ അഭിനന്ദനം അർഹിക്കുന്നു.

ഏറ്റവും അവശ്യസർവ്വീസായ ആഭ്യന്തരം, ആരോഗ്യം, റവന്യൂ വകുപ്പുകളോടൊപ്പം ഏറ്റവും പ്രാധാന്യമുള്ള വകുപ്പായി അച്ചടി വകുപ്പിനെയും സൂചന (3) പ്രകാരമുള്ള ഉത്തരവിൽ ചീഫ് സെക്രട്ടറി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് അച്ചടി വകുപ്പിലെ എല്ലാ ജീവനക്കാർക്കും അഭിമാനിക്കാൻ വക നൽകുന്നതാണ്.

കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ കോവിഡ് 19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പിൻബലത്തോടെയാണ് അച്ചടി വകുപ്പിൽ അനുയോജ്യമായ കൂട്ടിച്ചേർക്കലുകളോടെ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

എന്നാൽ സൂചന (1) പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, വകുപ്പിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ/ഉത്തരവുകൾ സംബന്ധിച്ച് അച്ചടി വകുപ്പിലെ ചില ജീവനക്കാർ സാമൂഹ്യ മാധ്യമങ്ങളിലൂടെയും, ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും വകുപ്പിന്റെ നയങ്ങളെയും നടപടികളെയും കുറിച്ച് അഭിപ്രായ പ്രകടനം നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

Scanned by CamScanner

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60(A) പ്രകാരം സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തിലൂടെയോ എഴുത്തിലൂടെയോ മറ്റ് രീതിയിലോ, സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ, സർക്കാർ എടുക്കുന്ന നടപടികളെയോ, പൊതുജനമദ്ധ്യത്തിലൊ അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ ചട്ടലംഘനം നടത്തുന്ന ജീവനക്കാർക്കെതിരെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്.

സോഷ്യൽ മീഡിയ, ദിനപത്രങ്ങൾ എന്നിവകളിലൂടെ അച്ചടി വകുപ്പിനെ പരാമർശിച്ച് വരുന്ന വാർത്തകൾ തികച്ചും അടിസ്ഥാനരഹിതമാണ്. ആയതിനാൽ എല്ലാ ജീവനക്കാരും ഇത്തരം തെറ്റിദ്ധാരണ നിറഞ്ഞ വാർത്തകൾ അവഗണിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിയെടുക്കുവാനുള്ള ആർജ്ജവം കാണിക്കേണ്ടതാണ്. ഓരോ ജീവനക്കാരന്റെയും സുരക്ഷ അവരവരിൽതന്നെ നിക്ഷിപ്തമാണെന്ന ബോധത്തോടെ എല്ലാ ജീവനക്കാരും മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലിക്കുകയും സാനിട്ടൈസർ കൈയ്യിൽ കരുതുകയും ചെയ്യേണ്ടതാണ്.

മറ്റു വകുപ്പുകൾ സർക്കാരിനൊപ്പം സഹകരിക്കുമ്പോൾ അവശ്യസർവ്വീസായ അച്ചടി വകുപ്പിലെ ജീവനക്കാരും പൂർണ്ണ സഹകരണം ഉറപ്പാക്കി, നൽകുന്ന പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. അച്ചടി വകുപ്പിനെ അവശ്യസർവ്വീസായി സർക്കാർ പരിഗണിച്ചിട്ടുള്ള സാഹചര്യത്തിൽ ഇലക്ഷൻ വർക്ക്, OMR ഷീറ്റിന്റെ വർക്ക്, തപാൽ വകുപ്പിന്റെ ജോലികൾ, ഡയറി/കലണ്ടർ വർക്കുകൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും ജീവനക്കാരും അകമഴിഞ്ഞ് സഹകരിക്കേണ്ടതാണ്.

ഒപ്പ്/-

അച്ചടി വകുപ്പ് ഡയറക്ടർ &

ഗവ. പ്രസ്സുകളുടെ സൂപ്രണ്ട്

പകർപ്പ്:- എല്ലാ ശാഖാകാര്യാലയ മേധാവികൾക്കും./അച്ചടി വകുപ്പ് ഡയറക്ടറുടെ സിഎ./
ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./സെക്യൂരിറ്റി ഓഫീസർ, ഗവ. സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം./ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ചീഫ് ടൈം കീപ്പർ./
സെക്ഷൻ മേധാവികൾ./ഫയൽ./കരുതൽ ഫയൽ



Scanned by CamScanner